ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** | **DATE:23.04.2025**

## പ്രധാനവാർത്തകൾ

1) പഹൽഗാം ഭീകരാക്രമണത്തിൽ ജീവൻ നഷ്ടമായവർക്ക് രാജ്യത്തിൻറെ അന്ത്യാഞ്ജലി. ഭീകരതയ്ക്ക് മുന്നിൽ രാജ്യം കീഴടങ്ങില്ലെന്നും, ആക്രമണത്തിന് പിന്നിലുള്ളവരെ വെറുതെ വിടില്ലെന്നും കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ.
2) ഭീകരർക്കായി തിരച്ചിൽ വ്യാപകമാക്കി സുരക്ഷാ സേന, ഭീകരരുടെ രേഖാചിത്രം പുറത്തുവിട്ടു. സുരക്ഷാ കാര്യങ്ങൾ വിലയിരുത്തുന്നതിനുള്ള കേന്ദ്രമന്ത്രിസഭാ സമിതി യോഗം ന്യൂഡൽഹിയിൽ ആരംഭിച്ചു.
3) ഭീകരാക്രമണത്തിൽ കൊല്ലപ്പെട്ട എറണാകുളം സ്വദേശി രാമചന്ദ്രൻറെ മൃതദേഹം ഇന്ന് രാത്രിയോടെ കൊച്ചിയിലെത്തിക്കും. മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് 10 ലക്ഷം രൂപ ധനസഹായം പ്രഖ്യാപിച്ച് ജമ്മു കശ്മീർ സർക്കാർ.
4) മുതിർന്ന ഐ.എ.എസ് ഉദ്യോഗസ്ഥൻ എ.ജയതിലകിനെ സംസ്ഥാനത്തിൻറെ പുതിയ ചീഫ് സെക്രട്ടറിയായി നിയമിക്കാൻ മന്ത്രിസഭാ തീരുമാനം.

RNU TVPM

5) ഫ്രാൻസിസ് മാർപ്പാപ്പയുടെ ഭൗതിക ശരീരം പൊതുദർശനത്തിനായി സെൻറ് പീറ്റേഴ്സ് ബസലിക്കയിൽ എത്തിച്ചു.
6) ഐ പി എൽ ക്രിക്കറ്റിൽ ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദ് -മുംബൈ ഇന്ത്യൻസിനെ നേരിടും.

&&&&&&&&&&&&&&&&&&

**അമിത് ഷാ**

പഹൽഗാം ഭീകരാക്രമണത്തിൽ ജീവൻ നഷ്ടമായവർക്ക് അന്ത്യാഞ്ജലി അർപ്പിച്ച് രാജ്യം. ബൈസരൻ വാലിയിൽ ഇന്നലെ വൈകുന്നേരമുണ്ടായ ആക്രമണത്തിൽ 26 വിനോദസഞ്ചാരികൾക്കാണ് ജീവൻ നഷ്ടമായത്. സംഭവത്തിൽ എല്ലാ ഇന്ത്യക്കാരും ഒരുപോലെ വേദനിക്കുന്നതായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ പറഞ്ഞു. ഭീകരതയ്ക്ക് മുന്നിൽ രാജ്യം കീഴടങ്ങില്ലെന്നും, മൃതദേഹങ്ങളിൽ പുഷ്പചക്രം അർപ്പിച്ച ശേഷം കേന്ദ്രമന്ത്രി ശ്രീനഗറിൽ വ്യക്തമാക്കി. ഇതിന് പിന്നിൽ പ്രവർത്തിച്ച ഒരാളെയും വെറുതെ വിടില്ലെന്നും, ഭീകരാക്രമണത്തിന് ഇരയായവരുടെ കുടുംബങ്ങൾക്ക് അദ്ദേഹം ഉറപ്പു നൽകി. ആക്രമണം നടന്ന ബൈസരൻ വനമേഖലയും അദ്ദേഹം ഇന്ന് സന്ദർശിച്ചു. പരിക്കേറ്റ് അനന്ത് നാഗ് ആശുപത്രിയിൽ കഴിയുന്നവരെയും ശ്രീ അമിത് ഷാ നേരിൽക്കണ്ട് ആശ്വസിപ്പിച്ചു. സംഭവത്തിന് പിന്നാലെ സൗദി

PNU TVPM

യാത്ര വെട്ടിച്ചുരുക്കി ഇന്ന് രാവിലെ ന്യൂഡൽഹിയിൽ മടങ്ങിയെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദി, ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ ഉൾപ്പെടെയുള്ളവരുമായി സംവദിച്ച് സ്ഥിതിഗതികൾ വിലയിരുത്തിയിരുന്നു.

&&&&&&&&&&&&&&&&&&&

രാജ്നാഥ് സിംഗ് ( ഇൻട്രോ )

പഹൽഗാം ഭീകരാക്രമണത്തിന് ഉത്തരവാദികളായവർക്ക് ഉചിതമായ മറുപടി നൽകുമെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് പറഞ്ഞു. ഭീകരതയ്ക്കെതിരെ ഇന്ത്യ വിട്ടുവീഴ്ചയില്ലാത്ത നയം തുടരുമെന്നും, ഇത്തരം നീക്കങ്ങളിലൂടെ ഇന്ത്യയെ ഭയപ്പെടുത്താമെന്ന്
കരുതരുതെന്നും അദ്ദേഹം ന്യൂഡൽഹിയിൽ വ്യക്തമാക്കി. ഭീകരാക്രമണത്തിൽ പ്രിയപ്പെട്ടവരെ നഷ്ടമായവരുടെ വേദനയിൽ പങ്കുചേരുന്നതായും ശ്രീ രാജ്നാഥ് സിങ്ങ് പറഞ്ഞു.
( വോയിസ്..... )

കശ്മീരിലെ സ്ഥിതിഗതികൾ വിലയിരുത്തുന്നതിനായി മുതിർന്ന സേനാ ഉദ്യോഗസ്ഥരുമായി രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് അവലോകന യോഗം ചേർന്നു. കര,

RNU TVPM

നാവിക, വ്യോമ സേനാ മേധാവികൾ യോഗത്തിൽ പങ്കെടുത്തു.

&&&&&&&&&&&&&&&&&&

**കേന്ദ്ര മന്ത്രിസഭാ സമിതി**

സുരക്ഷാകാര്യങ്ങൾക്കായുള്ള കേന്ദ്ര മന്ത്രിസഭാ സമിതിയുടെ യോഗം ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ വസതിയിലാണ് യോഗം. പഹൽഗാം സന്ദർശനത്തിന് ശേഷം തിരികെയെത്തിയ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ യോഗത്തിൽ പങ്കെടുക്കുന്നുണ്ട്. ജമ്മുകാശ്മീരിൽ മുഖ്യമന്ത്രി ഒമർ അബ്ദുള്ള നാളെ സർവ്വകക്ഷി യോഗവും വിളിച്ചു ചേർത്തിട്ടുണ്ട്.

RNU TVPM

&&&&&&&&&&&&&&&&&&

**സുരക്ഷ**

ഭീകരാക്രമണത്തിൻറെ പശ്ചാത്തലത്തിൽ ജമ്മു കശ്മീരിൽ സുരക്ഷ കർശനമാക്കി. ഭീകരർക്കായി സുരക്ഷാ സേനാ വ്യാപകമായ തിരച്ചിൽ തുടരുകയാണ്. ആക്രമണത്തിന് പിന്നിൽ പ്രവർത്തിച്ച മൂന്ന് ഭീകരരുടെ രേഖാചിത്രങ്ങൾ സുരക്ഷാ ഏജൻസികൾ പുറത്തുവിട്ടു. ആക്രമണം നടന്ന സ്ഥലത്ത് എൻ.ഐ.എ സംഘം പരിശോധന തുടരുകയാണ്.

&&&&&&&&&&&&&&&&&&

**മൃതദേഹം**

ഭീകരാക്രമണത്തിൽ ജീവൻ നഷ്ടമായവരുടെ ഭൗതിക ശരീരങ്ങൾ പ്രത്യേക വിമാനത്തിൽ ശ്രീനഗറിൽ നിന്നും സ്വദേശങ്ങളിലേക്ക് കൊണ്ടുപോയി. എറണാകുളം സ്വദേശി എൻ രാമചന്ദ്രൻറെ മൃതദേഹം ഇന്ന് രാത്രിയോടെ കൊച്ചിയിലെത്തിക്കും. കുടുംബത്തോടൊപ്പം വിനോദയാത്രയ്ക്കാണ് അദ്ദേഹം ഇന്നലെ ബൈസരൻ വാലിയിലെത്തിയത്. സംസ്കാര ചടങ്ങുകൾ വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് ഇടപ്പള്ളി പൊതു ശ്മശാനത്തിൽ നടക്കും. വെള്ളിയാഴ്ച രാവിലെ 7 മുതൽ 9 വരെ ഇടപ്പള്ളി ചങ്ങമ്പുഴ പാർക്കിൽ പൊതുദർശനം ഉണ്ടായിരിക്കും. ഭീകരാ ക്രമണത്തിൽ മരണമടഞ്ഞ നാവിക ഉദ്യോഗസ്ഥൻ വിനയ് നർവാളിൻറെ ഭൗതികശരീരത്തിൽ നാവിക സേനാ മേധാവി അഡ്മിറൽ ദിനേശ് ത്രിപാഠി ന്യൂഡൽഹിയിൽ പുഷ്പചക്രം അർപ്പിച്ചു. ഭാര്യ ഹിമാൻഷിയ്ക്കൊപ്പമാണ് അദ്ദേഹം ഇന്നലെ പഹൽഗാമിലെത്തിയത്. കൊച്ചിയിൽ നാവിക സേനാ ഉദ്യാഗസ്ഥനായിരുന്ന വിനയ് നർവാൾ ഹരിയാന സ്വദേശിയാണ്.

&&&&&&&&&&&&&&&&&&

**കശ്മീർ സഹായം**

RNUTVPM

ഭീകരാക്രമണത്തിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് ജമ്മു കശ്മീർ സർക്കാർ 10 ലക്ഷം രൂപ ധനസഹായം പ്രഖ്യാപിച്ചു. ഗുരുതരമായ പരിക്കേറ്റവർക്ക് രണ്ട് ലക്ഷം രൂപയും, ചെറിയ പരിക്കുകൾ ഉള്ളവർക്ക് ഒരു ലക്ഷം രൂപയും നൽകുമെന്ന് മുഖ്യമന്ത്രി ഒമർ അബ്ദുള്ള അറിയിച്ചു. രാഷ്ട്രീയ ഭേദമന്യേ ജമ്മു കശ്മീരിലെ രാഷ്ട്രീയ നേതാക്കളൊന്നടങ്കം ഭീകരാക്രമണത്തെ ശക്തമായി അപലപിച്ചു. കടകമ്പോളങ്ങളും, വിദ്യാഭ്യാസ സ്ഥാപനങ്ങളുമടക്കം പൂർണമായും അടച്ചുകൊണ്ടാണ് കശ്മീരി ജനത സംഭവത്തിൽ പ്രതിഷേധം രേഖപ്പെടുത്തിയത്. കശ്മീർ താഴ്വരയിൽ പൊതുഗതാമതമടക്കം നിർത്തിവച്ചിരിക്കുകയാണ്.

&&&&&&&&&&&&&&&&&&&

RNU TVPM

**സംസ്ഥാന മന്ത്രിസഭ**

മുതിർന്ന ഐ.എ.എസ് ഉദ്യോഗസ്ഥൻ എ.ജയതിലകിനെ സംസ്ഥാനത്തിൻറെ 50–ാമത് ചീഫ് സെക്രട്ടറിയായി നിയമിക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു. 1991 ബാച്ച് ഉദ്യോഗസ്ഥനായ അദ്ദേഹം നിലവിൽ ധനവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയാണ്. ശാരദ മുരളീധരൻ ചീഫ് സെക്രട്ടറി സ്ഥാനത്ത് നിന്ന് വിരമിക്കുന്ന ഒഴിവിലാണ് നിയമനം.

&&&&&&&&&&&&&&&&&&&

## പാഠപുസ്തക വിതരണം

കേരള സിലബസ് സ്കൂളുകളിലെ ഒന്നുമുതൽ ഒമ്പതുവരെ ക്ലാസുകളിലേക്കുള്ള പരിഷ്കരിച്ച പാഠപുസ്തകങ്ങളുടെ വിതരണത്തിന് സംസ്ഥാനത്ത് തുടക്കമായി. വിതരണോദ്ഘാടനം തിരുവനന്തപുരം കോട്ടൺഹിൽ ഗവണ്മെൻറ് ഗേൾസ് ഹയർ സെക്കൻററി സ്കൂളിൽ മന്ത്രി വി ശിവൻകുട്ടി നിർവഹിച്ചു. ശാസ്ത്ര സാങ്കേതിക മേഖലയിലെ ഏറ്റവും പുതിയ പുരോഗതിക്കനുസൃതമായാണ് പാഠപുസ്തകങ്ങൾ പരിഷ്കരിച്ചതെന്ന് മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

RNU TVPM

## എം ബി രാജേഷ്

നിയമസഭാ സമുച്ചയ പരിസരത്ത് പാഴ്വസ്തു സംഭരണ കേന്ദ്രം സ്ഥാപിച്ചതിലൂടെ സമൂഹത്തിന് വലിയ സന്ദേശമാണ് നിയമസഭ നൽകുന്നതെന്ന് മന്ത്രി എം ബി രാജേഷ്. നിയമസഭാ ക്യാമ്പസിൽ നിർമ്മിച്ച പാഴ്വസ്തു സംഭരണ കേന്ദ്രത്തിൻറെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. മാലിന്യമുക്തം നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി കഴിഞ്ഞ രണ്ടു വർഷത്തിനിടെ സംസ്ഥാനത്ത് പാഴ്വസ്തു സംഭരണ കേന്ദ്രങ്ങളുടെ എണ്ണത്തിൽ മൂന്നിരട്ടി വർദ്ധനയുണ്ടായെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

കോട്ടയം ഇരട്ടക്കൊല ( ഇൻട്രോ )

കോട്ടയം തിരുവാതുക്കൽ വ്യവസായിയെയും ഭാര്യയെയും കൊലപ്പെടുത്തിയ കേസിൽ പ്രതി അസം സ്വദേശി അമിത്

ഒറംഗുമായി സംഭവസ്ഥലത്ത് പോലീസ് തെളിവെടുപ്പ് നടത്തി. പ്രതി ഉപേക്ഷിച്ച സി സി ടി വി ഹാർഡ് ഡിസ്ക് സമീപത്തെ തോട്ടിൽ നിന്നും പോലീസ് കണ്ടെത്തി. തൃശ്ശൂർ മാളയിൽനിന്നാണ് പ്രതിയെ പിടികൂടിയത്. കൃത്യത്തിൽ ഇയാൾ മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് കോട്ടയം എസ്.പി ഷാഹുൽ ഹമീദ് പറഞ്ഞു.
( വോയിസ്.... )

&&&&&&&&&&&&&&&&&&

പോപ്പ്

ഫ്രാൻസിസ് മാർപ്പാപ്പയുടെ ഭൗതിക ശരീരം കാസാ സാന്താ മാർത്തയിൽ നിന്നും, പൊതുദർശനത്തിനായി സെൻറ് പീറ്റേഴ്സ് ബസലിക്കയിൽ എത്തിച്ചു. ശനിയാഴ്ച വരെയാണ് ഇവിടെ പൊതുദർശനത്തിന് ക്രമീകരണം ഒരുക്കിയിരിക്കുന്നത്. ശനിയാഴ്ച ഇന്ത്യൻ സമയം ഉച്ചയ്ക്ക് 1.30 -ഓടെയാണ് സംസ്കാര ചടങ്ങുകൾ ആരംഭിക്കുക. ഫ്രാൻസിസ് മാർപ്പാപ്പയുടെ ആഗ്രഹ പ്രകാരം റോമിലെ സെൻറ് മേരി മേജർ ബസലിക്കയിലാണ് അദ്ദേഹത്തിന് അന്ത്യവിശ്രമം ഒരുക്കുന്നത്. സംസ്കാര ചടങ്ങുകളിൽ ലോകനേതാക്കൾ അടക്കം നിരവധി പ്രമുഖർ

RNU TVPM

പങ്കെടുക്കും. കേരളത്തെ പ്രതിനിധീകരിച്ച് മന്ത്രി റോഷി അഗസ്റ്റിനായിരിക്കും ചടങ്ങിൽ പങ്കെടുക്കുക.

&&&&&&&&&&&&&&&&&&&

## എ കെ ജി സെന്റർ ഉദ്ഘാടനം

സിപിഐ എം സംസ്ഥാന കമ്മിറ്റി ഓഫീസിനായി നിർമിച്ച പുതിയ എ കെ ജി സെന്റർ, പാർട്ടിയുടെ മുതിർന്ന നേതാവും മുഖ്യമന്ത്രിയുമായ പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. തിരുവനന്തപുരത്ത് നിലവിൽ സംസ്ഥാന കമ്മിറ്റി ഓഫീസ് പ്രവർത്തിക്കുന്ന എ കെ ജി സ്മാരക പഠനഗവേഷണ കേന്ദ്രത്തിനു സമീപം ഡോ. എൻ എസ് വാര്യർ റോഡിലാണ് പുതിയ മന്ദിരം.

&&&&&&&&&&&&&&&&&&&

## പി.വി അൻവർ – കോൺഗ്രസ്

നിലമ്പൂർ എം.എൽ.എ ആയിരുന്ന പി.വി അൻവർ കോൺഗ്രസുമായും യു.ഡി.എഫുമായും സഹകരിക്കുമെന്ന് അറിയിച്ചതായി പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ. അൻവർ മുന്നോട്ടു വച്ച നിർദ്ദേശങ്ങൾ ഘടക കക്ഷികളുമായി ചർച്ച ചെയ്യുമെന്നും അതിനു ശേഷമേ മുന്നണി പ്രവേശനത്തെ കുറിച്ച് തീരുമാനം എടുക്കൂ എന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&&

RNU TVPM

## വിഴിഞ്ഞം-സ്വാഗതസംഘം

മെയ് 2 ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം നിർവഹിക്കുന്ന വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിൻറെ സ്വാഗതസംഘം ഓഫീസ്, തിരുവനന്തപുരത്ത് മന്ത്രി വി.എൻ.വാസവൻ ഉദ്ഘാടനം ചെയ്തു. മന്ത്രിമാരായ വി. ശിവൻകുട്ടി, ജി.ആർ. അനിൽ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

&&&&&&&&&&&&&&&&&&&

## ലഹരി നിർമാർജന യജ്ഞം

സംസ്ഥാനത്തെ ആദിവാസി ഉന്നതികളിൽ ലഹരി നിർമാർജന യജ്ഞവും ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കാനൊരുങ്ങി വനം - എക്സൈസ് വകുപ്പുകൾ. ഇതിന്റെ ഭാഗമായി ഇരുവകുപ്പുകളുടെയും സംയുക്ത യോഗം ചേർന്നു. മനുഷ്യ വന്യജീവി സംഘർഷങ്ങൾക്ക് പലപ്പോഴും ലഹരി ഉപയോഗം കാരണമാകുന്നതായി റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ ചെക്ക്പോസ്റ്റുകളിൽ ഉൾപ്പെടെ സംയുക്ത പരിശോധനകൾ നടത്താൻ യോഗത്തിൽ തീരുമാനമായി.

&&&&&&&&&&&&&&&&&&&

## മണിയാർ ഷട്ടർ തുറക്കും

RNUTVPM

അറ്റകുറ്റപണികൾക്കായി, പമ്പ ജലസേചന പദ്ധതിയുടെ ഭാഗമായുള്ള മണിയാർ ബാരേജിൻറെ സ്പിൽവേ ഷട്ടറുകൾ നാളെ തുറക്കും. നാളെ രാവിലെ ആറു മുതൽ പ്രവൃത്തി തീരുന്നതുവരെ ഷട്ടർ പൂർണമായും തുറക്കുമെന്ന് അധികൃതർ അറിയിച്ചു. ജലനിരപ്പ് ഉയരാൻ സാധ്യതയുള്ളതിനാൽ പമ്പ, കക്കാട്ടാർ തീരത്തുള്ളവരും മണിയാർ, വടശേരിക്കര, റാന്നി, പെരിനാട്, കോഴഞ്ചേരി, ആറന്മുള നിവാസികളും ജാഗ്രത പാലിക്കണം.

&&&&&&&&&&&&&&&&&&

**ഐ പി എൽ**

ഐ പി എൽ ക്രിക്കറ്റിൽ ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദ് -മുംബൈ ഇന്ത്യൻസിനെ നേരിടും. രാത്രി 7.30 ന് ഹൈദരാബാദിലാണ് മത്സരം.

RIJU TVPM

&&&&&&&&&&&&&&&&&&

**ഓഹരി + സ്വർണവില**

രാജ്യത്തെ ഓഹരിവിപണികളിൽ നേട്ടം. സെൻസെക്സ് 521 പോയിന്റ് ഉയർന്ന് 80,116 ലും നിഫ്റ്റി 162 പോയിന്റ് നേട്ടത്തിൽ 24,329 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ വില കുറഞ്ഞു. ഗ്രാമിന് 275 രൂപ കുറഞ്ഞ് 9,015 രൂപയും, പവന് 72,120 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&

## കാലാവസ്ഥ

സംസ്ഥാനത്ത് അടുത്ത അഞ്ചു ദിവസം ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇടിമിന്നൽ ലക്ഷണം കണ്ടുകഴിഞ്ഞാൽ ഉടൻ തന്നെ മുൻകരുതൽ നടപടികൾ സ്വീകരിക്കണം. അതേസമയം ചൂട് കൂടുന്ന സാഹചര്യത്തിൽ തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയും നൽകി.

&&&&&&&&&&&&&&&&&&

## ഓൺലൈൻ തട്ടിപ്പ്

RNUTVPM

ഓൺലൈൻ തട്ടിപ്പ് വഴി കോഴിക്കോട് സ്വദേശിയിൽ നിന്ന് 65 ലക്ഷം തട്ടിയ കേസിൽ പണമിടപാടുകാരൻ അറസ്റ്റിൽ. ഓൺലൈൻ ട്രേഡിങ് വഴി ലാഭമുണ്ടാക്കാമെന്ന് വിശ്വസിപ്പിച്ച് തട്ടിപ്പ് നടത്തിയ വിമൽ പ്രതാപ്റായ് റാഡിയ, എന്നയാളെയാണ് കോഴിക്കോട് സൈബർ പോലീസ് അറസ്റ്റ് ചെയ്തത്. റിട്ടയേഡ് ബാങ്ക് മാനേജരാണ് പരാതിക്കാരൻ.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&

RNU TVPM